വി.ആർ. 59638/2017/ഡി.പി.ഐ.　　　　പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
08-08-2017

# സർക്കുലർ

**വിഷയം : പൊതുവിദ്യാഭ്യാസം-വിദ്യാരംഗം കലാസാഹിത്യവേദി-ചലച്ചിത്ര അക്കാദമി-ടൂറിംഗ് ടാക്കീസ് പരിപാടി സംബന്ധിച്ച്.**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടികളിൽ നല്ല സിനിമയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി ടൂറിംഗ് ടാക്കീസ് പരിപാടി വഴി സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുമായി ചേർന്ന് പ്രസ്തുത പരിപാടി വിപുലപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിനായി എല്ലാ സ്കൂളുകളിലും ശനിയാഴ്ച ദിവസങ്ങളിൽ ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള ക്ലാസ്സിക് സിനിമകൾ പ്രദർശിപ്പിക്കാൻ ധാരണയായിരിക്കുന്നു. ഇതിനുവേണ്ടി സ്കൂളുകളിൽ എത്തുന്ന ചലച്ചിത്ര അക്കാദമി പ്രവർത്തകർക്ക് എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ പ്രധാന അദ്ധ്യാപകരും മറ്റ് അദ്ധ്യാപകരും സഹകരിക്കണമെന്ന നിർദ്ദേശം നൽകുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ പ്രധാന അദ്ധ്യാപകർക്കും (ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേന)

വി.ആർ. 59638/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
14-08-2017

## സർക്കുലർ

**വിഷയം : പൊതുവിദ്യാഭ്യാസം-വിദ്യാരംഗം കലാസാഹിത്യവേദി-ചലച്ചിത്ര അക്കാദമി-അദ്ധ്യാപകർക്കുവേണ്ടിയുള്ള സിനിമ-തിരക്കഥാ ശില്പശാല സംബന്ധിച്ച്.**

വിദ്യാരംഗം കലാസാഹിത്യവേദി കേരള ചലച്ചിത്ര അക്കാദമിയുമായി സഹകരിച്ച് അദ്ധ്യാപകർക്കുവേണ്ടി സിനിമ-തിരക്കഥാ ശില്പശാല നടത്താൻ തീരുമാനിച്ചിരിക്കുന്നു. 2017 ഒക്ടോബർ 27, 28, 29 തീയതികളിൽ തിരുവനന്തപുരത്തു വച്ചായിരിക്കും ശില്പശാല നടക്കുക. ശില്പശാലയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സിനിമയിൽ താല്പര്യമുള്ള അദ്ധ്യാപകർ 'സിനിമയെപ്പറ്റിയുള്ള എന്റെ കാഴ്ചപ്പാട്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി അഞ്ചു പേജിൽ കവിയാത്ത ഒരു കുറിപ്പ് തയ്യാറാക്കി 2017 സെപ്റ്റംബർ 30-നു മുമ്പായി എഡിറ്റർ, വിദ്യാരംഗം, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. രചനകളുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതിയായിരിക്കും ശില്പശാലാംഗങ്ങളെ നിശ്ചയിക്കുക. അയയ്ക്കുന്ന കവറിനു പുറത്ത് 'സിനിമയെപ്പറ്റിയുള്ള എന്റെ കാഴ്ചപ്പാട്' എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

- എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും
- എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും
- എല്ലാ പ്രധാന അദ്ധ്യാപകർക്കും (ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേന)